## ശ്രീകൃഷ്ണ ജയന്തി

നിശിഥേ തമ ഉദ്ഭൂതേ ജായമാനേ ജനാർദ്ദനേ ദേവക്യാം ദേവരൂപിണ്യാം വിഷ്ണു:
സർവ്വഗുഹാശയ: ആവിരാസീദ്യഥാ പ്രാച്യാം ദിശീന്ദുരിവ പുഷ്കല: **(10–3–8)**
മർത്ത്യോ മൃത്യു വ്യാളഭീത: പലായൻ ലോകാൻ സർവ്വാന്നിർഭയം നാധ്യഗച്ഛത്
ത്വത്പാദാബ്ജം പ്രാപ്യ യദൃച്ഛയാദ്യ സ്വസ്ഥ: ശേതേ മൃത്യുരസ്മാദ പൈതി **(10–3–27)**

*ശുകമുനി തുടർന്നു:* ഭഗവൽജനനത്തിനുള്ള ദിവ്യ മുഹൂർത്തം സമാഗതമായി. പ്രകൃതി മുഴുവനും ദിവ്യശിശുവിനെ വരവേൽക്കാൻ എന്നമട്ടിൽ സന്തോഷം പൂണ്ടു. ദിവ്യസംഗീതവും പ്രാർത്ഥനകളും വായുവിൽ നിറഞ്ഞു നിന്നു. അർദ്ധരാത്രിയിൽ ദേവകിയിൽ നിന്നും ഭഗവാൻ പുറത്തുവന്നു. ആ സമയം ദേവകി ഒരു ദേവസ്ത്രീയെപ്പോലെ പ്രശോഭിച്ചു. ആകാശത്തുദിച്ചുയരുന്ന പൂർണ്ണചന്ദ്രന്റെ പ്രഭാപൂരം പോലെയായിരുന്നു അത്. നാലു തൃക്കൈകളും വിഷ്ണുവിന്റെ അടയാളലക്ഷണങ്ങളും നിറഞ്ഞ ശിശുവിനെ കണ്ട് വസുദേവൻ തന്റെ കണ്ണുകൾക്കു പുണ്യമേകി. കാരാഗൃഹത്തിലായതു കൊണ്ട് ഈ അവസരം അദ്ദേഹം മനസ്സാ ആഘോഷിച്ചു. ബ്രാഹ്മണർക്ക് വിലപിടിച്ച സമ്മാനങ്ങൾ മനസ്സാ ദാനം ചെയ്തു. അദ്ദേഹം ഭഗവൽമഹിമകളെ ഇങ്ങിനെ വാഴ്ത്തി: അവിടുന്ന് എല്ലാ ജീവജാലങ്ങളുടേയും അന്തര്യാമിയായ ആ പരമപുരുഷൻ തന്നെ. അങ്ങ് ജീവികളിൽ കയറി നിവസിക്കുന്നു എന്നു പറയുന്നത് ശരിയല്ലതന്നെ. എല്ലായിടവും നിറഞ്ഞു വിളങ്ങുന്നതു കൊണ്ട് ഒരിടത്ത് കയറി എന്നു പറയുക വയ്യല്ലൊ. അവിടുന്ന് തന്നെയാണ് സൃഷ്ടി സ്ഥിതി സംഹാരങ്ങൾ നടത്തുന്നത്. ഇങ്ങിനെയൊക്കെയാണെങ്കിലും ഞങ്ങളുടെ ഉണ്ണിയായി അവിടുന്നിപ്പോൾ ജൻമമെടുത്തിരിക്കുന്നത് ദിവ്യാത്ഭുതം തന്നെ. അവിടുന്നു തീർച്ചയായും ഭൂമിയിലെ ദുരിതത്തിനവസാനം കണ്ടെത്തും. ദുഷ്ടരെ ഇല്ലാതാക്കും. എന്നാൽ ഞാൻ ഇപ്പോൾ കംസനെക്കുറിച്ചോർക്കുമ്പോൾ ആകാംക്ഷാഭരിതനാണ്. അവിടുത്തെ ജ്യേഷ്ഠസഹോദരൻമാരെ കംസൻ വധിച്ചു. അങ്ങയേയും കംസൻ ഉപദ്രവിക്കുമോ എന്നാണെന്റെ ഭയം. ദേവകി ഇപ്രകാരം ഭഗവാനെ പ്രാർത്ഥിച്ചു വണങ്ങി: മരണഭയം ബാധിച്ച ഒരുവന് ലോകത്തൊരിടത്തും അഭയം ലഭിക്കുകയില്ല. എന്നാൽ അവിടുത്തെ പാദാരവിന്ദങ്ങളെ ശരണം പ്രാപിക്കുന്നവന് ഭയമെല്ലാം ഇല്ലാതാവുന്നു. ഞങ്ങൾ കംസനെ ഭയപ്പെട്ടു കഴിയുന്നു. നിനക്കു മാത്രമേ ആ ഭയത്തിൽ നിന്ന് ഞങ്ങളെ മോചിപ്പിക്കാനാവൂ.

*കൃപാനിധിയായ ഭഗവാൻ വസുദേവനോടും ദേവകിയോടുമായി ഇങ്ങിനെ പറഞ്ഞു:* മുൻജൻമങ്ങളിലൊന്നിൽ പൃഷ്ണിയും സുതപയുമായി ജീവിച്ച നിങ്ങൾക്ക് കുട്ടികളുണ്ടായിരുന്നില്ല. നിങ്ങൾ ഇരുവരും ചെയ്ത അനിതരസാധാരണമായ തപസ്സിന്റെ ഫലമായി ഞാൻ നിങ്ങൾക്ക് ദർശനം നൽകി. വരം ചോദിക്കാൻ ആവശ്യപ്പെട്ടപ്പോൾ നിങ്ങൾ എന്നേപ്പോലൊരു പുത്രനെ വേണമെന്നാണ് പറഞ്ഞത്. എന്നാൽ എന്നേപ്പോലെ മറ്റൊരാളുണ്ടാവുക സാദ്ധ്യമല്ലാത്തതുകൊണ്ട് ഞാൻ നിങ്ങളുടെ പുത്രൻ പൃഷ്ണിഗർഭനായി ജനിച്ചു. അടുത്ത ജൻമത്തിൽ അദിതിയും കശ്യപനുമായി നിങ്ങൾ ജനിച്ചു. അപ്പോൾ ഞാൻ ഉപേന്ദ്രനായി (വാമനൻ) നിങ്ങളുടെ പുത്രനായിപ്പിറന്നു. ഇപ്പോഴിതാ മൂന്നാമതും ഞാൻ നിങ്ങളുടെ മകനായിരിക്കുന്നു. എന്റെ വാക്കെപ്പോഴും സത്യമായിരിക്കും. ഞാൻ മനുഷ്യാവതാരമെടുക്കുമ്പോൾ മാത്രമേ ജനങ്ങൾക്കെന്നെ തിരിച്ചറിയാനാവുന്നുള്ളൂ. ഈ ജൻമത്തിൽ എന്നെ സ്നേഹിക്കുന്നതു വഴി നിങ്ങൾക്കിരുവർക്കും പരമസാക്ഷാത്കാരം ലഭിക്കുന്നതാണ്. ഉടനേ തന്നെ ഭഗവാൻ സാധാരണ ശിശുവായി മാറി. ഭഗവൽപ്രചോദനമുണ്ടായ വസുദേവൻ ദിവ്യശിശുവിനെ ഒരു കുട്ടയിലാക്കി കാരാഗൃഹത്തിനു വെളിയിൽ എത്തി. കാവൽക്കാർ ഗാഢനിദ്രയിലായിരുന്നു. കാരാഗൃഹത്തിന്റെ കനത്ത വാതിലുകൾ താനെ തുറന്നു. ചങ്ങലകളും പൂട്ടുകളും ശിശുവുമായി വന്ന വസുദേവനെ കണ്ടപാടെ തനിയെ അഴിഞ്ഞു തുറന്നു. ചെറിയൊരു ചാറ്റൽ മഴയുണ്ടായിരുന്നു. ദിവ്യസർപ്പമായ ശേഷൻ രണ്ടു പേർക്കും കുടയായി. യമുനാനദിയിൽ വെള്ളം പൊങ്ങിയിരുന്നു. എന്നാൽ വസുദേവനും ഭഗവാനും വേണ്ടി നദിയിൽ ഒരു പാതയുണ്ടായി. ഇതെല്ലാം ഭഗവാന്റെ മായാശക്തിയാലാണുണ്ടായത്. വാസുദേവൻ വൃന്ദാവനത്തിലെത്തി. എല്ലാ ഗോപൻമാരും ഉറക്കത്തിലായിരുന്നു. യശോദ ഒരു പെൺകുഞ്ഞിനു ജൻമം നൽകിയിരുന്നു (അത് മായതന്നെയായിരുന്നു). ഭഗവന്നിർദ്ദേശപ്രകാരം ദേവി അവതരിച്ചതാണല്ലോ. യശോദ പ്രസവത്തിനു ശേഷം ഉറങ്ങിപ്പോയതിനാൽ കുട്ടി ആണോ പെണ്ണോ എന്നു കൂടി നിശ്ചയമില്ലാതെ കിടപ്പായിരുന്നു. വസുദേവൻ തന്റെ പുത്രനെ അവിടെ കിടത്തി യശോദയുടെ മകളെ എടുത്ത് തിരികെ കാരാഗൃഹത്തിലേക്ക് പോയി. യശോദ ഉണർന്നപ്പോൾ ഒരാൺകുട്ടിയെ അരികത്തു കണ്ടു.